17

# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **T5830** — **07/07/2014**-ൽ മറുപടിക്ക്

<u>കൊച്ചിൻ ബിനാലെ</u>

<u>ചോദ്യം</u>

ശ്രീ. എം.എ. ബേബി :
ശ്രീ. സാജു പോൾ :
ശ്രീ. കെ.വി.അബ്ദുൾ ഖാദർ :
ശ്രീ. എ.എം ആരിഫ് :

<u>ഉത്തരം</u>

ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊച്ചിൻ ബിനാലെ സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ എന്തെങ്കിലും സംഭാവന ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) | കൊച്ചിൻ ബിനാലെ സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ നൽകിയ സംഭാവന സംബന്ധിച്ച് ആധികാരിക പഠനം നടത്തിയിട്ടില്ല. എന്നിരുന്നാലും കൊച്ചിൻ ബിനാലെ സംഘടിപ്പിച്ചതു മൂലം സംസ്ഥാനത്തിന് പൊതുവെയും കൊച്ചിയിൽ പ്രത്യേകിച്ചും ടൂറിസം, സാംസ്കാരിക മേഖലകളിൽ ഉണർവേകാൻ സഹായിച്ചുവെന്ന് പൊതു അഭിപ്രായം രൂപപ്പെട്ടിട്ടുണ്ട്. |
| (ബി) | ബിനാലെയെ സംബന്ധിച്ച കെ.പി.എം.ജി. യുടെ റിപ്പോർട്ട് വിശദമാക്കാമോ ; | (ബി) | കൊച്ചി മുസിരിസ് ബിനാലെ 2012 സംബന്ധിച്ച് കെ.പി.എം.ജി. തയ്യാറാക്കിയ സമഗ്രമായ പഠന റിപ്പോർട്ട് ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. അതിൽ ബിനാലെ നടത്തിപ്പ് മൂലം കേരളത്തിലേക്ക് ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ കഴിഞ്ഞതും ആഗോള സാംസ്കാരിക ഭൂപടത്തിൽ കൊച്ചിയേയും കേരളത്തേയും രേഖപ്പെടുത്താൻ കഴിഞ്ഞതും, സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് ഉണർവേകാൻ കഴിഞ്ഞതും അഭിമാനകരമായ നേട്ടമായി പ്രതിപാദിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | മുൻ സർക്കാരിന്റെ ടൂറിസം-സാംസ്കാരിക വകുപ്പുകൾ മുൻകൈയെടുത്ത് ആരംഭിച്ച കൊച്ചിൻ ബിനാലെ പദ്ധതിയെക്കുറിച്ച് ജനങ്ങൾക്കിടയിൽ തെറ്റായ പ്രചരണങ്ങൾ സംഘടിക്കപ്പെട്ടതിനെ തുടർന്ന് വിജിലൻസ് അന്വേഷണത്തിന് സർക്കാർ ഉത്തരവിടുകയും അത് സംബന്ധിച്ച വാർത്ത പ്രചരിപ്പിക്കുകയും ചെയ്തിരുന്നുവോ; അന്വേഷണ ഫലം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ; | (സി) | ബിനാലെ നടത്തിപ്പിന് സർക്കാർ അനുവദിച്ച സാമ്പത്തിക സഹായം ചെലവഴിച്ചതിലെ അപാകതകൾ ധനകാര്യ പരിശോധനാ വിഭാഗം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകിയിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് സാംസ്കാരിക കാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായ ഉന്നത സമിതി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അംഗീകരിക്കാവുന്ന ബില്ലുകളും, വൗച്ചറുകളും സ്വീകരിച്ച് തുടർ സാമ്പത്തിക സഹായം അനുവദിക്കുകയും വിജിലൻസ് അന്വേഷണം വേണ്ടെന്നു വയ്ക്കുകയും ചെയ്തു. |
| (ഡി) | ബിനാലെയ്ക്ക് എല്ലാവിധ പിന്തുണയും നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (ഡി) | ബിനാലെ നടത്തിപ്പ് സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് ഗുണകരമാണെന്ന് കണ്ടെത്തിയതിനാൽ സാമ്പത്തിക സഹായം ഉൾപ്പെടെ എല്ലാ പിന്തുണയും നല്കുന്നുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ